ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (2)

ദൂത് അഞ്ച്

## ദൈവത്തിന്റെ സ്വരൂപവും നിധിയുമായ ക്രിസ്തു

RA *Hymns*: ML54, ML72, ML48

തിരുവെഴുത്ത് വായന: 2 കൊരി. 4:4, 7; കൊലൊ. 1:15; എബ്രാ. 1:3; യോഹ. 1:18

2 കൊരി. 4:4 അവരിൽ ദൈവസ്വരൂപമായ ക്രിസ്തുവിന്റെ തേജസ്സിന്റെ സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിക്കുവാൻ, ഈ യുഗത്തിന്റെ ദൈവം അവിശ്വാസികളുടെ ചിന്തകളെ കുരുടാക്കിയിരിക്കുന്നു.

2 കൊരി. 4:7 എന്നാൽ ഈ ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്, ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്.

കൊലൊ. 1:15 അവൻ അദൃശ്യനായ ദൈവത്തിന്റെ സ്വരൂപവും, സകല സൃഷ്ടിയിലും ആദ്യജാതനും ആകുന്നു,

എബ്രാ. 1:3 അവൻ, ദൈവതേജസ്സിന്റെ പ്രഭയും അവന്റെ സത്തയുടെ മുദ്രയും, സകലത്തെയും തന്റെ ശക്തിയുടെ വചനത്താൽ താങ്ങിനിർത്തുന്നവനും വഹിക്കുന്നവനുമായി, പാപങ്ങളുടെ ശുദ്ധീകരണം വരുത്തിയിട്ട്, ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത് ഇരുന്നു;

യോഹ. 1:18 ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല; പിതാവിന്റെ മാറിലിരിക്കുന്ന ഏകജാതനായ പുത്രൻ, അവനെ പ്രഖ്യാപിച്ചിരിക്കുന്നു.

**I. നമുക്ക് ക്രിസ്തുവിനെ ദൈവത്തിന്റെ സ്വരൂപമായും നിധിയായും അനുഭവമാക്കുവാനും ആസ്വദിക്കുവാനും കഴിയുമെന്ന് 2 കൊരിന്ത്യർ 4:4-7 നമ്മെ കാണിക്കുന്നു.**

2 കൊരി. 4:4 അവരിൽ ദൈവസ്വരൂപമായ ക്രിസ്തുവിന്റെ തേജസ്സിന്റെ സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിക്കുവാൻ, ഈ യുഗത്തിന്റെ ദൈവം അവിശ്വാസികളുടെ ചിന്തകളെ കുരുടാക്കിയിരിക്കുന്നു.

2 കൊരി. 4:5 എന്തെന്നാൽ ഞങ്ങളെത്തന്നെയല്ല ക്രിസ്തു യേശുവിനെ കർത്താവായും ഞങ്ങളെ യേശു നിമിത്തം നിങ്ങളുടെ അടിമകളായുമത്രേ ഞങ്ങൾ പ്രസംഗിക്കുന്നത്.

2 കൊരി. 4:6 എന്തുകൊണ്ടെന്നാൽ ഇരുട്ടിൽനിന്ന് വെളിച്ചം പ്രകാശിക്കും എന്ന് പറഞ്ഞ ദൈവമാകുന്നു, യേശു ക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം ശോഭിക്കുവാൻ ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചവൻ.

2 കൊരി. 4:7 എന്നാൽ ഈ ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്, ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്.

A. ദൈവത്തിന്റെ സ്വരൂപം ക്രിസ്തുവിനെ നമ്മുടെ ബാഹ്യമായ ആവിഷ്കാരമായും, അതേസമയം നിധി ക്രിസ്തുവിനെ നമ്മുടെ ആന്തരിക ഉള്ളടക്കമായും സൂചിപ്പിക്കുന്നു.

B. പുറമെ നാം ക്രിസ്തുവിനെ ദൈവത്തിന്റെ സ്വരൂപമായി വഹിക്കുകയും, ഉള്ളിൽ ക്രിസ്തു നമുക്കു നിധിയായുണ്ടായിരിക്കുകയും വേണം.

C. നാം ക്രിസ്തുവിന്റെ സമ്പന്നവും പൂർണവുമായ ആസ്വാദനത്തിലേക്ക് പ്രവേശിക്കേണ്ടതുണ്ട്.

D. എബ്രായർ 1:3 അനുസരിച്ച്, ക്രിസ്തു ദൈവത്തിന്റെ തേജസ്സിന്റെ പ്രഭയാണ്; അതായത്, അവൻ ദൈവത്തിന്റെ സ്വരൂപത്തിന്റെ ആവിഷ്കാരമാണ്.

എബ്രാ. 1:3 അവൻ, ദൈവതേജസ്സിന്റെ പ്രഭയും അവന്റെ സത്തയുടെ മുദ്രയും, സകലത്തെയും തന്റെ ശക്തിയുടെ വചനത്താൽ താങ്ങിനിർത്തുന്നവനും വഹിക്കുന്നവനുമായി, പാപങ്ങളുടെ ശുദ്ധീകരണം വരുത്തിയിട്ട്, ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത് ഇരുന്നു;

E. ദൈവത്തിന്റെ സ്വരൂപമായ ക്രിസ്തു ദൈവത്തിന്റെ പ്രഖ്യാപനം, ആവിഷ്കാരം ആണ്; അവൻ ദൈവത്തെ പ്രഖ്യാപിക്കുകയും ദൈവത്തെ ആവിഷ്കരിക്കുകയും ചെയ്യുന്നു—യോഹ. 1:18.

യോഹ. 1:18 ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല; പിതാവിന്റെ മാറിലിരിക്കുന്ന ഏകജാതനായ പുത്രൻ, അവനെ പ്രഖ്യാപിച്ചിരിക്കുന്നു.

F. ക്രിസ്തു "അദൃശ്യനായ ദൈവത്തിന്റെ സ്വരൂപം" ആണെന്ന് കൊലൊസ്സ്യർ 1:15 പറയുന്നു; ഇവിടെ സ്വരൂപം ഒരു ഭൗതിക രൂപമല്ല, ദൈവത്തിന്റെ എല്ലാ സദ്ഗുണങ്ങളിലും നന്മകളിലുമുള്ള അവന്റെ ആളത്തത്തിന്റെ ആവിഷ്കാരമാണ്.

കൊലൊ. 1:15 അവൻ അദൃശ്യനായ ദൈവത്തിന്റെ സ്വരൂപവും, സകല സൃഷ്ടിയിലും ആദ്യജാതനും ആകുന്നു,

G. ദൈവത്തിന്റെ സ്വരൂപമായ ക്രിസ്തുവിനെ സംബന്ധിച്ച വ്യക്തമായ ഒരു വീക്ഷണം നമുക്കുണ്ടായിരിക്കുന്ന അളവോളം നമ്മുടെ മനസ്സ് പുതുക്കപ്പെടണം—റോമ. 12:2.

റോമ. 12:2 ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ.

**II. 2 കൊരിന്ത്യർ 4:4-ൽ പൗലൊസ് "ദൈവസ്വരൂപമായ ക്രിസ്തുവിന്റെ തേജസ്സിന്റെ സുവിശേഷത്തിന്റെ പ്രകാശനത്തെ"ക്കുറിച്ച് സംസാരിക്കുന്നു:**

A. ഈ ലോകത്തിന്റെ അധിപനായ (യോഹ. 12:31; 14:30; 16:11; എഫെ. 2:2) ഈ യുഗത്തിന്റെ ദൈവം അവിശ്വാസികളുടെ ചിന്തകളെ കുരുടാക്കിയിരിക്കുന്നുവെന്നും ഈ വാക്യത്തിൽ പൗലൊസ് നമ്മെ അറിയിക്കുന്നു.

യോഹ. 12:31 ഇപ്പോൾ ഈ ലോകത്തിന്റെ ന്യായവിധി ആകുന്നു; ഇപ്പോൾ ഈ ലോകത്തിന്റെ അധിപൻ പുറത്താക്കപ്പെടും.

യോഹ. 14:30 ഇനിമേൽ ഞാൻ നിങ്ങളോട് അധികം സംസാരിക്കുകയില്ല, എന്തെന്നാൽ ലോകത്തിന്റെ അധിപൻ വരുന്നു, എന്നിൽ അവന് ഒന്നുമില്ല.

യോഹ. 16:11 ഈ ലോകത്തിന്റെ അധിപൻ ന്യായം

വിധിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ന്യായവിധിയെക്കുറിച്ചും തന്നെ.

എഫെ. 2:2 അവയിൽ നിങ്ങൾ ഈ ലോകത്തിന്റെ യുഗത്തിനൊത്തവണ്ണം, ആകാശത്തിലെ അധികാരത്തിന്, അനുസരണക്കേടിന്റെ പുത്രന്മാരിൽ ഇപ്പോൾ വ്യാപരിക്കുന്ന ആത്മാവിന് അധിപതിയായവനൊത്തവണ്ണം ഒരിക്കൽ നടന്നിരുന്നു,

1. ഇന്നത്തെ ലോകത്തിൽ ആധിപത്യം നടത്തുകയും ജനത്തിന്റെ മനസ്സിനെയും ചിന്തകളെയും കുരുടാക്കിക്കൊണ്ട് അവരുടെ ആരാധനയ്ക്കായി വേട്ടയാടുകയും ചെയ്യുന്ന ഇപ്പോഴത്തെ യുഗത്തിന്റെ അധിപനായ സാത്താനാണ് ഈ യുഗത്തിന്റെ ദൈവം—2 കൊരി. 4:4.

   2 കൊരി. 4:4 അവരിൽ ദൈവസ്വരൂപമായ ക്രിസ്തുവിന്റെ തേജസ്സിന്റെ സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിക്കുവാൻ, ഈ യുഗത്തിന്റെ ദൈവം അവിശ്വാസികളുടെ ചിന്തകളെ കുരുടാക്കിയിരിക്കുന്നു.

2. പ്രാകൃതരായാലും ഉയർന്ന സംസ്കാരമുള്ളവരായാലും, എല്ലാ ജനവും ഇന്ന് ഈ യുഗത്തിന്റെ ദൈവത്താൽ കുരുടാക്കപ്പെട്ടിരിക്കുന്നു.
3. നാം ഇങ്ങനെ പ്രാർഥിക്കണം: "കർത്താവേ, ഈ യുഗത്തിന്റെ ദൈവത്തെ പരാജയപ്പെടുത്തുവാൻ ഞാൻ നിന്നിൽ ആശ്രയിക്കുന്നു; നിന്നെയല്ലാതെ, മറ്റാരെയും മറ്റൊന്നിനെയും ഞാൻ ആരാധിക്കുന്നില്ല."
4. ഈ രീതിയിൽ നാം പ്രാർഥിക്കുന്നുവെങ്കിൽ, ദിവ്യ വെളിച്ചം പ്രകാശിക്കുകയും, നാം വെളിപാട് പ്രാപിക്കുകയും ചെയ്യും.
5. നമ്മുടെ ധാരണകൾ നാം വിട്ടുകളഞ്ഞ് നമ്മുടെ ഹൃദയത്തെ കർത്താവിലേക്ക് തിരിക്കുകയാണെങ്കിൽ (3:16), മൂടുപടങ്ങൾ നീക്കപ്പെടുകയും, ഈ യുഗത്തിന്റെ ദൈവത്തിന് നമ്മുടെ ആളത്തത്തിൽ അടിത്തറ ഇല്ലാതിരിക്കുകയും ചെയ്യും.

   2 കൊരി. 3:16 എന്നാൽ അവരുടെ ഹൃദയം കർത്താവിലേക്ക് തിരിയുമ്പോഴെല്ലാം, മൂടുപടം നീങ്ങിപ്പോകുന്നു.

B. ക്രിസ്തുവിന്റെ സുവിശേഷം പ്രകാശിക്കുകയും തിളങ്ങുകയും ചെയ്യുന്ന അവന്റെ തേജസ്സിന്റെ സുവിശേഷമാണ്.

C. ദൈവം അദൃശ്യനാണ്, എന്നാൽ ദൈവത്തിന്റെ തേജസ്സിന്റെ പ്രഭയും അവന്റെ സത്തയുടെ മുദ്രയും ആയ (എബ്രാ. 1:3) ദൈവത്തിന്റെ സ്നേഹപുത്രനായ ക്രിസ്തു, ദൈവം താൻ ആയിരിക്കുന്നതിനെ ആവിഷ്കരിക്കുന്ന അവന്റെ സ്വരൂപമാണ്.

   എബ്രാ. 1:3 അവൻ, ദൈവതേജസ്സിന്റെ പ്രഭയും അവന്റെ സത്തയുടെ മുദ്രയും, സകലത്തെയും തന്റെ ശക്തിയുടെ വചനത്താൽ താങ്ങിനിർത്തുന്നവനും വഹിക്കുന്നവനുമായി, പാപങ്ങളുടെ ശുദ്ധീകരണം വരുത്തിയിട്ട്, ഉയരത്തിൽ മഹിമയുടെ വലത്തുഭാഗത്ത് ഇരുന്നു;

D. കൊലൊസ്സ്യർ 1:15-ലെ ദൈവത്തിന്റെ സ്വരൂപം ദൈവത്തിന്റെ ആവിഷ്കാരത്തെയും ദൈവത്തിന്റെ നിറവിനെയും, അതായത് ക്രിസ്തുവിനെത്തന്നെ പരാമർശിക്കുന്നു.

   കൊലൊ. 1:15 അവൻ അദൃശ്യനായ ദൈവത്തിന്റെ സ്വരൂപവും, സകല സൃഷ്ടിയിലും ആദ്യജാതനും ആകുന്നു,

E. *അദൃശ്യനായ ദൈവത്തിന്റെ സ്വരൂപം* എന്ന പ്രയോഗം സൂചിപ്പിക്കുന്നത് ദൈവം അദൃശ്യനാണെങ്കിലും അവന്റെ സ്വരൂപം ദൃശ്യമാകുന്നു എന്നാണ്—വാ. 15.

കൊലൊ. 1:15 അവൻ അദൃശ്യനായ ദൈവത്തിന്റെ സ്വരൂപവും, സകല സൃഷ്ടിയിലും ആദ്യജാതനും ആകുന്നു,

F. അദൃശ്യനായ ദൈവത്തിന് ദൃശ്യമായ ഒരു സ്വരൂപമുണ്ട്, ഈ സ്വരൂപം ക്രിസ്തുവാണ്:

1. യോഹന്നാൻ 1:18 പറയുന്നു: "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല; പിതാവിന്റെ മാറിലിരിക്കുന്ന ഏകജാതനായ പുത്രൻ അവനെ പ്രഖ്യാപിച്ചിരിക്കുന്നു."
2. ദൈവം അദൃശ്യനാണെങ്കിലും, അവൻ ജീവനുള്ള ഒരു വ്യക്തിയാൽ, അതായത് ദൈവപുത്രനായ യേശു ക്രിസ്തുവിനാൽ ആവിഷ്കരിക്കപ്പെടുന്നു—3:16.

യോഹ. 3:16 തന്റെ ഏകജാതനായ പുത്രനിലേക്കു വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ ഉണ്ടാകേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം, അത്രത്തോളം ലോകത്തെ സ്നേഹിച്ചു.

## III. "ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്"—2 കൊരി. 4:7:

A. നമ്മിലുള്ള ജീവൻ-നൽകുന്ന ആത്മാവായ ക്രിസ്തു പ്രകാശിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവനാണ്; ഇതാണ് നമ്മിലുള്ള നമ്മുടെ നിധി.

B. നമ്മുടെ ഹൃദയങ്ങളിലുള്ള ദൈവത്തിന്റെ പ്രകാശിക്കൽ (വാ. 4, 6) നമ്മിലേക്ക് തേജസ്സിന്റെ ക്രിസ്തു എന്ന ഒരു നിധിയെ കൊണ്ടുവരുന്നു; അവൻ നമ്മുടെ ജീവനും നമ്മുടെ സകലവുമായിരിക്കുവാനുള്ള ദൈവത്തിന്റെ ദേഹരൂപമാണ്.

2 കൊരി. 4:4 അവരിൽ ദൈവസ്വരൂപമായ ക്രിസ്തുവിന്റെ തേജസ്സിന്റെ സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിക്കുവാൻ, ഈ യുഗത്തിന്റെ ദൈവം അവിശ്വാസികളുടെ ചിന്തകളെ കുരുടാക്കിയിരിക്കുന്നു.

2 കൊരി. 4:6 എന്തുകൊണ്ടെന്നാൽ ഇരുട്ടിൽനിന്ന് വെളിച്ചം പ്രകാശിക്കും എന്ന് പറഞ്ഞ ദൈവമാകുന്നു, യേശു ക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം ശോഭിക്കുവാൻ ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചവൻ.

C. നമ്മുടെ ഹൃദയങ്ങളിലുള്ള പ്രകാശിക്കൽ നിമിത്തം അത്ഭുതകരവും, അമൂല്യവും, ആശ്ചര്യകരവുമായ ഒരു നിധി നമുക്കുണ്ട്.

D. മൺപാത്രങ്ങളായ നമ്മിൽ ഉൾവസിക്കുന്ന ക്രിസ്തു എന്ന ഈ നിധി ക്രിസ്തീയ ജീവിതത്തിനു വേണ്ടിയുള്ള സഹായത്തിന്റെ ദിവ്യ ഉറവിടമാണ്—വാ. 7.

2 കൊരി. 4:7 എന്നാൽ ഈ ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്, ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്.

E. 2 കൊരിന്ത്യർ 4:7-ലെ *ഈ നിധി* എന്ന പ്രയോഗം വാക്യം 6-നെ പരാമർശിക്കുന്നു, അവിടെ പൗലൊസ് യേശു ക്രിസ്തുവിന്റെ മുഖത്തെക്കുറിച്ച് സംസാരിക്കുന്നു:

2 കൊരി. 4:7 എന്നാൽ ഈ ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്, ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്.

2 കൊരി. 4:6 എന്തുകൊണ്ടെന്നാൽ ഇരുട്ടിൽനിന്ന് വെളിച്ചം പ്രകാശിക്കും എന്ന് പറഞ്ഞ ദൈവമാകുന്നു, യേശു ക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം ശോഭിക്കുവാൻ ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചവൻ.

1. നമ്മുടെ ഹൃദയങ്ങളിലുള്ള ദൈവത്തിന്റെ പ്രകാശിക്കൽ ക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവത്തിന്റെ തേജസ്സ് നാം അറിയേണ്ടതിന് നമ്മെ പ്രകാശിപ്പിക്കുന്നതിനാണ്.
2. യേശു ക്രിസ്തുവിന്റെ മുഖത്തിൽ വെളിപ്പെട്ട ദൈവതേജസ്സ് യേശു ക്രിസ്തുവിലൂടെ ആവിഷ്കരിക്കപ്പെട്ട തേജസ്സിന്റെ ദൈവമാണ്; അവനെ അറിയുന്നത് തേജസ്സിന്റെ ദൈവത്തെ അറിയുന്നതാണ്—വാ. 6.

   2 കൊരി. 4:6 എന്തുകൊണ്ടെന്നാൽ ഇരുട്ടിൽനിന്ന് വെളിച്ചം പ്രകാശിക്കും എന്ന് പറഞ്ഞ ദൈവമാകുന്നു, യേശു ക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം ശോഭിക്കുവാൻ ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചവൻ.

3. അക്ഷരാർഥത്തിൽ, 2 കൊരിന്ത്യർ 4:6-ലെ *മുഖം* എന്നതിനുള്ള യവനപദം 2:10-ൽ "വ്യക്തി" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന അതേ പദമാണ്; അത് കണ്ണുകൾക്ക് ചുറ്റുമുള്ള ഭാഗത്തെ, ഒരു വ്യക്തിയെ മുഴുവനായി കാണിക്കുകയും വെളിവാക്കുകയും ചെയ്യുന്ന ആന്തരിക ചിന്തകളുടെയും വികാരങ്ങളുടെയും ഭാവാവിഷ്കാരമായ നോട്ടത്തെ സൂചിപ്പിക്കുന്നു.

   2 കൊരി. 4:6 എന്തുകൊണ്ടെന്നാൽ ഇരുട്ടിൽനിന്ന് വെളിച്ചം പ്രകാശിക്കും എന്ന് പറഞ്ഞ ദൈവമാകുന്നു, യേശു ക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം ശോഭിക്കുവാൻ ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചവൻ.

   2 കൊരി. 2:10 എന്നാൽ നിങ്ങൾ എന്തെങ്കിലും ക്ഷമിക്കുന്നവനോട്, ഞാനും ക്ഷമിക്കുന്നു; ഞാൻ എന്തെങ്കിലും ക്ഷമിച്ചിരിക്കുന്നെങ്കിൽ, ഞാൻ ക്ഷമിച്ചിരിക്കുന്നത് നിങ്ങൾ നിമിത്തം ക്രിസ്തു എന്ന വ്യക്തിയിലാകുന്നു.

4. നമുക്ക് ക്രിസ്തുവിന്റെ മുഖത്തിന്റെ ഭാവാവിഷ്കാരം ഇല്ലെങ്കിൽ, യാഥാർഥ്യത്തിൽ അവൻ നമുക്ക് ഒരു നിധിയായിരിക്കുവാൻ കഴിയുകയില്ലെന്ന് ഇത് സൂചിപ്പിക്കുന്നു.
   a. യേശു ക്രിസ്തുവിന്റെ മുഖത്തെ നാം കാണുന്നതുവരെ നമ്മുടെ ഉള്ളിൽ ഒരു നിധി ഉണ്ടെന്ന് നാം മനസ്സിലാക്കുകയില്ല.
   b. ഒരുവശത്ത്, നാം എല്ലാവരും മൺപാത്രങ്ങളാണെന്നും ക്രിസ്തു നമ്മുടെ ഉള്ളിൽ നിധിയാണെന്നും നമുക്കെല്ലാവർക്കും പ്രഖ്യാപിക്കുവാൻ കഴിയും.
   c. മറുവശത്ത്, ക്രിസ്തുവിന്റെ ആളത്തത്തിന്റെ ഭാവാവിഷ്കാരത്തെ നോക്കിക്കൊണ്ട് നാം അവന്റെ സാന്നിധ്യത്തിൽ ജീവിക്കുമ്പോൾ

മാത്രമേ അവൻ നമുക്ക് നിധിയാണെന്ന് നാം മനസ്സിലാക്കുകയുള്ളൂ—വാ. 10.

2 കൊരി. 2:10 എന്നാൽ നിങ്ങൾ എന്തെങ്കിലും ക്ഷമിക്കുന്നവനോട്, ഞാനും ക്ഷമിക്കുന്നു; ഞാൻ എന്തെങ്കിലും ക്ഷമിച്ചിരിക്കുന്നെങ്കിൽ, ഞാൻ ക്ഷമിച്ചിരിക്കുന്നത് നിങ്ങൾ നിമിത്തം ക്രിസ്തു എന്ന വ്യക്തിയിലാകുന്നു.

F. തന്റെ ഉദ്ദേശ്യം നിറവേറ്റുന്നതിലുള്ള ദൈവത്തിന്റെ നടപടിക്രമത്തിന്റെ ഒന്നാമത്തെ പടി ജീവനായി അവനെത്തന്നെ ഉൾക്കൊള്ളുന്ന ഒരു മൺപാത്രമായി മനുഷ്യനെ സൃഷ്ടിക്കുക എന്നതായിരുന്നു—ഉല്പ. 2:7:

ഉല്പ. 2:7 യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു.

1. നാം ത്രിയേക ദൈവത്തെക്കൊണ്ട് നിറഞ്ഞ മാനപാത്രങ്ങളായിരിക്കുന്നതിനായി ദൈവം നമ്മെ തിരഞ്ഞെടുത്തു—റോമ. 9:21, 23; 2 കൊരി. 13:14.

റോമ. 9:21 അല്ലെങ്കിൽ കുശവന് ഒരേ പിണ്ഡത്തിൽനിന്ന് ഒരു പാത്രം മാനത്തിനും വേറൊന്ന് അപമാനത്തിനും ഉണ്ടാക്കുവാൻ കളിമണ്ണിന്മേൽ അധികാരം ഇല്ലയോ?

റോമ. 9:23 തേജസ്സിനായി മുന്നൊരുക്കിയ, കരുണാപാത്രങ്ങളുടെമേൽ തന്റെ തേജസ്സിന്റെ ധനം അറിയിക്കേണ്ടതിന്,

2 കൊരി. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

2. ദൈവത്തെ സ്നേഹിക്കുകയും അവനായി തുറന്നിരിക്കുകയും ചെയ്യുന്ന പാത്രങ്ങളായ വിശ്വാസികളെ ദൈവം ആഗ്രഹിക്കുന്നുവെന്ന് പുതിയനിയമം നമ്മെ കാണിക്കുന്നു—റോമ. 9:21, 23; 2 കൊരി. 3:16.

റോമ. 9:21 അല്ലെങ്കിൽ കുശവന് ഒരേ പിണ്ഡത്തിൽനിന്ന് ഒരു പാത്രം മാനത്തിനും വേറൊന്ന് അപമാനത്തിനും ഉണ്ടാക്കുവാൻ കളിമണ്ണിന്മേൽ അധികാരം ഇല്ലയോ?

റോമ. 9:23 തേജസ്സിനായി മുന്നൊരുക്കിയ, കരുണാപാത്രങ്ങളുടെമേൽ തന്റെ തേജസ്സിന്റെ ധനം അറിയിക്കേണ്ടതിന്,

2 കൊരി. 3:16 എന്നാൽ അവരുടെ ഹൃദയം കർത്താവിലേക്ക് തിരിയുമ്പോഴെല്ലാം, മൂടുപടം നീങ്ങിപ്പോകുന്നു.

3. നമ്മുടെ ആളത്തത്തിന്റെ ആഴങ്ങളിൽ നാം കർത്താവിനായി തുറക്കപ്പെടുന്നില്ലെങ്കിൽ, അവനെത്തന്നെ നമ്മിലേക്ക് പകരുവാനും നമ്മുടെ ഹൃദയത്തിൽ അവന്റെ ഭവനം പണിയുവാനും അവന് കഴിയുകയില്ല—1 കൊരി. 2:10.

1 കൊരി. 2:10 എന്നാൽ ദൈവം അവ നമുക്ക് ആത്മാവ് മുഖാന്തരം വെളിപ്പെടുത്തിയിരിക്കുന്നു, ആത്മാവ് സകല കാര്യങ്ങളെയും, ദൈവത്തിന്റെ ആഴങ്ങളെപ്പോലും തിരയുന്നു.

4. ഒരു തുറന്ന പാത്രം യാതൊന്നും ചെയ്യാതെ, ദിവ്യ ത്രിത്വത്തിന്റെ ദിവ്യ പകർച്ചയാൽ നിറയപ്പെടുവാൻ അതിനെത്തന്നെ തുറന്നുവയ്ക്കുക മാത്രം ചെയ്യുന്നു—2 കൊരി. 13:14.

2 കൊരി. 13:14 കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

5. കർത്താവ് നമ്മെ നിറയ്ക്കുമ്പോൾ, അവൻ നമുക്കുവേണ്ടി സകലവും ചെയ്യുന്നു—എഫെ. 3:19.

എഫെ. 3:19 പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും, അത് നിങ്ങൾ ദൈവത്തിന്റെ എല്ലാ, നിറവിനോളം നിറയേണ്ടതിനും ആകുന്നു.

G. നാം മൺപാത്രങ്ങളായതുകൊണ്ട് നാം ബലഹീനരാണ്; എങ്കിലും, താൻ ചെയ്യുവാൻ ആഗ്രഹിക്കുന്നതെല്ലാം ചെയ്യാനുള്ള എല്ലാ അവസരങ്ങളും അവന് നൽകിക്കൊണ്ട് പാത്രങ്ങളായ നമ്മിലുള്ള നിധി കർത്താവിനായി നമ്മെത്തന്നെ തുറന്നുവയ്ക്കുവാൻ, നമ്മെ പ്രാപ്തരാക്കുന്നു; ഇതാണ് ശരിയായതും യഥാർഥവുമായ ക്രിസ്തീയ ജീവിതം—വാ. 17; ഗലാ. 2:20.

എഫെ. 3:17 അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്,

ഗലാ. 2:20 ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു; ഇപ്പോൾ ഞാൻ ജഡത്തിൽ ജീവിക്കുന്ന ജീവനോ വിശ്വാസത്തിൽ, എന്നെ സ്നേഹിക്കുകയും എനിക്കു വേണ്ടി തന്നെത്താൻ ഏൽപ്പിച്ചു കൊടുക്കുകയും ചെയ്ത, ദൈവപുത്രന്റെ വിശ്വാസത്തിൽ ജീവിക്കുന്നു.

## IV. "ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്"—2 കൊരി. 4:7:

A. നാം മൺപാത്രങ്ങളാണെന്ന വസ്തുത, ശക്തിയുടെ ശ്രേഷ്ഠത ദൈവത്തിൽനിന്നാണെന്നും നമ്മിൽ നിന്നല്ലെന്നും തെളിയിക്കുന്നു:

1. നമ്മിൽത്തന്നെ നാം മൺപാത്രങ്ങളല്ലാതെ മറ്റൊന്നുമല്ല; നാം പാപികളും വീണുപോയവരും താണനിലയിലുള്ളവരുമാണ്.

2. ആ നിലയിൽ, സത്യത്തെ വെളിവാക്കുവാനും സുവിശേഷത്തിന്റെ തേജസ്സ് പ്രകാശിപ്പിക്കുവാനുമുള്ള ശക്തി നമുക്കില്ല—വാ. 4.

2 കൊരി. 4:4 അവരിൽ ദൈവസ്വരൂപമായ ക്രിസ്തുവിന്റെ തേജസ്സിന്റെ സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിക്കുവാൻ, ഈ യുഗത്തിന്റെ ദൈവം അവിശ്വാസികളുടെ ചിന്തകളെ കുരുടാക്കിയിരിക്കുന്നു.

B. നാം വിലയില്ലാത്ത മൺപാത്രങ്ങളാണെങ്കിലും, ദൈവം നമ്മിലേക്ക് വിലയേറിയ നിധിയെ പ്രകാശിപ്പിച്ചിരിക്കുന്നു:

1. ഇപ്പോൾ ഈ നിധി നമ്മെ ഉത്തേജിപ്പിക്കുകയും ദൈവത്തിന്റെ തേജസ്സിനെ പ്രകാശിപ്പിക്കുവാനും സത്യം വെളിവാക്കുവാനും നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്ന ശക്തിയുടെ സ്രോതസ്സായിത്തീരുന്നു—വാ. 7.

2 കൊരി. 4:7b ...ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്....

2. ഈ നിധിക്ക് ശക്തിയുണ്ട്, ഈ ശക്തി ശ്രേഷ്ഠമാണ്.

C. ബാഹ്യമായി, നാം മൺപാത്രങ്ങളാണ്, എന്നാൽ ആന്തരികമായി നമുക്ക് വിലമതിക്കാനാകാത്ത ഒരു നിധിയുണ്ട്—സർവവും-ഉൾക്കൊള്ളുന്ന ജീവൻ-നൽകുന്ന ആത്മാവാകുവാൻ പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ത്രിയേക ദൈവത്തിന്റെ ദേഹരൂപമായ ക്രിസ്തു—1 കൊരി. 15:45.

1 കൊരി. 15:45 ...ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവ് ആയിത്തീർന്നു.

D. നമ്മുടെ ഉള്ളിൽ, അത്ഭുതകരമായ ഒരു നിധിയായി നമുക്ക് ക്രിസ്തു ഉണ്ട്; ബാഹ്യമായി, നാം ത്രിയേക ദൈവത്തിന്റെ ആവിഷ്കാരമായ ക്രിസ്തുവിനെ ദൈവത്തിന്റെ സ്വരൂപമായി വഹിക്കുന്നു—2 കൊരി. 4:4.

2 കൊരി. 4:4 അവരിൽ ദൈവസ്വരൂപമായ ക്രിസ്തുവിന്റെ തേജസ്സിന്റെ സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിക്കുവാൻ, ഈ യുഗത്തിന്റെ ദൈവം അവിശ്വാസികളുടെ ചിന്തകളെ കുരുടാക്കിയിരിക്കുന്നു.

E. നാം കർത്താവായ യേശുവിൽ വിശ്വസിച്ചപ്പോൾ, കേവലം ഒരു വീണ്ടെടുപ്പുകാരനേക്കാൾ അധികം നാം സ്വീകരിച്ചു; പ്രപഞ്ചത്തിലെ ഏറ്റവും ശ്രേഷ്ഠനായവനെ നാം സ്വീകരിച്ചു.

F. അകമെ നിധിയായും പുറമെ സ്വരൂപമായും നാം ക്രിസ്തുവിനെ അനുഭവമാക്കുകയും ആസ്വദിക്കുകയും വേണം.